# ഈ ഹദീസുകൾ ആർക്കുവേണ്ടി...?

(നമ്മുടെ പുണ്യനബിയെ വഷളനാക്കി ചിത്രീകരിക്കാൻ വേണ്ടി നബി വിരോധികളായിരുന്ന ചില ജൂതന്മാർ പറഞ്ഞുപരത്തിയതും, ബുഖാരി രേഖപ്പെ ടുത്തിയതുമായ ഇരുപതു ഹദീസുകൾ - 'സഹീഹുൽ ബുഖാരി'യിൽ നിന്ന്..)



**പി.സി. മുഹമ്മദ് കുട്ടിഹാജി**
(പുത്തൂർ പള്ളിക്കൽ)

## അവതാരിക

'അത്യുദാരനും കരുണാനിധിയുമായ
അല്ലാഹുവിന്റെ തിരുനാമത്തിൽ...'

മുസ്ലിംകളായ നാം വിശുദ്ധ ഖുർആനിന്റെ വിശദീകരണമായും, നമ്മുടെ രണ്ടാം പ്രമാണമായും കരുതിപ്പോരുന്ന രേഖകളാണല്ലോ, 'സഹീഹുൽ ബുഖാരി', 'സഹീഹുൽ മുസ്ലീം' പോലുള്ള ഹദീസു ഗ്രന്ഥങ്ങൾ. അത്തരം ഗ്രന്ഥങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് 'സഹീഹുൽ ബുഖാരി' തന്നെ. ' അല്ലാഹുവിന്റെ കിത്താബു'(ഖുർആൻ) കഴിഞ്ഞാൽ പിന്നെ ഏറ്റവും മുന്തിയ കിത്താബ് 'സഹീഹുൽ ബുഖാരി ' തന്നെ എന്നു ലോകസുന്നികൾ ഒന്നടങ്കം വിശ്വസിക്കുന്നു. എന്നാൽ അത്ഭുതകരമെന്നു പറയട്ടെ 'ഖുർആന്റെ വിശദീകരണം' അഥവാ 'നബിയുടെ യഥാർത്ഥ ചര്യ' ('സുന്നത്ത്') എന്നൊക്കെപ്പറഞ്ഞു അതിൽ രേഖപ്പെടുത്തിയതിൽ ൪൦ ശതമാനവും ഖുർആൻ വിരുദ്ധമോ, പ്രവാചക നിന്ദയോ, ബുദ്ധിശൂന്യമോ, അല്ലെങ്കിൽ തനി മണ്ടത്തരമോ ആയ കാര്യങ്ങളാണ്. ആ യാഥാർത്ഥ്യത്തിലേക്ക് സാധാരണക്കാരായ മുസ്ലിംകളുടെ ശ്രദ്ധതിരിപ്പിക്കുകയാണ് ഈ ലഘുലേഖയുടെ ഉദ്ദേശം.
ആദരണീയനെന്നും, ലോകാനുഗ്രഹി എന്നും, സൃഷ്ടികളിൽവെച്ച് ഏറ്റവും ഉൽകൃഷ്ട സ്വഭാവഗുണങ്ങളുള്ള വ്യക്തി എന്നുമൊക്കെ ഖുർആൻ വാഴ്ത്തിയ നമ്മുടെ നബി പകൽസമയങ്ങളിൽ ഒരന്യസ്ത്രീയുടെ വീട്ടിൽപോയി സ്ഥിരമായി കിടക്കാറുണ്ടായിരുന്നു എന്ന കള്ളക്കഥ (ഹദീസ്2) ഏതെങ്കിലും നബിവിരോധികൾ പറഞ്ഞുപരത്തിയാൽ അതൊക്കെ 'സ്വഹീഹായി' രേഖപ്പെടുത്തേണ്ട വല്ല കാര്യവും ബുഖാരിക്കുണ്ടോ...?
'ഇബ്രാഹിം നബിയുടെ 'ചേലാകർമ്മം' ('സുന്നത്തു കല്യാണം')കഴിഞ്ഞതു അദ്ദേഹത്തിന്റെ എമ്പതാമത്തെ വയസ്സിലായിരുന്നു. അതൊരു കോടാലികൊണ്ടായിരുന്നു.' (ഹദീസ്6) എന്തു ജിഹാദാണ് ഈ ഹദീസ് കൊണ്ടുദ്ദേശിക്കുന്നത്? ഖുർആനിലെ ഏതായത്തിന്റെ വിശദീകര ണമാണിത് എന്നൊന്നു പറഞ്ഞുതരാമോ?
ഖുർആൻ സുന്നത്തു പ്രസ്ഥാനത്തിലെ ഒരു സജീവാംഗവും അതിന്റെ അഭ്യദയകാംക്ഷികളിൽ അഗ്രഗണ്യനുമായ ജനാബ്, പി.സി.മുഹമ്മദ് കുട്ടി ഹാജി(പുത്തൂർ പള്ളിക്കൽ) 'സഹീഹുൽ ബുഖാരിയുടെ'

പരിഭാഷകളിൽനിന്ന് തെരഞ്ഞെടുത്ത ഹദീസുകളാണ് ഈ ലഘുലേഖയിലുള്ളത്. ഓരോ ഹദീസുകൾ വായിക്കുമ്പോഴും അദ്ദേഹത്തിന്റെ മനോമുകുരത്തിൽ ഉയർന്നുവന്ന ചില ചോദ്യങ്ങളും നർമ്മോക്തി കലർന്ന അദ്ദേഹത്തിന്റെ 'കമന്റുകളും' ഹദീസുകളുടെ അടിക്കുറിപ്പായി ചേർത്തിട്ടുണ്ട്. മാന്യവായനക്കാരും ഈ ഹദീസുകളെ ഒരു സജീവ ചർച്ചക്കു വിധേയമാക്കണമെന്ന് അല്ലാഹുവിന്റെ പേരിൽ ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

'സർവ്വലോകരക്ഷിതാവായ അല്ലാഹുവിന്നാകുന്നു സർവ്വസ്തുതിയും'

**അബൂ ഷാഹീൻ**
*ട്രഷറർ*
ഖുർആൻ സുന്നത്തു സൊസൈറ്റി

**ഡോ: എം.അബ്ദുൽ ജലീൽ പുറ്റെക്കാട്**
*സിക്രട്ടറി*
ഖുർആൻ സുന്നത്തു സൊസൈറ്റി
29-7-93

# ഈ ഹദീസുകൾ ആർക്കുവേണ്ടി?

1. ഹദീസ് നമ്പർ: 187 അനസിൽ(റ) നിന്ന് നിവേദനം. നബി തിരുമേനി തന്റെ പത്നിമാരെല്ലാവരെയും രാത്രിയിലും പകലും ഒറ്റ മണിക്കൂറിനുള്ളിൽ സന്ദർശിക്കാറുണ്ടായിരുന്നു. ആ പത്നിമാർ 11 പേരുണ്ടായിരുന്നു. ഒരു റിപ്പോർട്ടിൽ 9 എന്നും പറഞ്ഞിട്ടുണ്ട്. 'അങ്ങിനെ അത്ര അധികം സ്ത്രീകളുമായി സഹവസിക്കുവാൻ തിരുമേനിക്ക് കഴിയുമോ' എന്ന് അനസിനോട് ചിലർ ചോദിച്ചു. 'മുപ്പതു പേരുടെ ശക്തി തിരുമേനിക്ക് അല്ലാഹു നൽകിയിട്ടുണ്ടെന്ന് ഞങ്ങൾ പറയാറുണ്ടായിരുന്നു' എന്നാണ് ഹസ്രത്ത് അനസ് അതിന് മറുപടി പറഞ്ഞത്.

2. ഹദീസ് നമ്പർ: 2099 അനസിൽ നിന്ന് നിവേദനം. തിരുമേനി(സ) മിൽഹാന്റെ മകൾ ഉമ്മു ഹറാമിന്റെ വസതി സന്ദർശിക്കാറുണ്ടായിരുന്നു. ഉബാദത്തിന്റെ പത്നിയായിരുന്നു ഉമ്മു ഹറാം. ഒരു ദിവസം തിരുമേനി അവരുടെ അടുക്കൽ കടന്നുചെന്നു. അപ്പോൾ അവർ തിരുമേനി(സ) യെ ഭക്ഷണം നല്കി സൽക്കരിച്ചു. എന്നിട്ട് അവർ തിരുമേനിയുടെ തലയിൽ പേൻ നോക്കാൻ തുടങ്ങി. നബി തിരുമേനി ഉറങ്ങിപ്പോയി. പിന്നീട് അവിടുന്ന് ചിരിച്ചുകൊണ്ടാണ് ഉണർന്നത്. ഉമ്മു ഹറാം പറഞ്ഞു, "ദൈവദൂതരെ, അവിടുന്നെന്താണ് ചിരിക്കുന്നത്'' അവിടന്ന് അരുളി, ''എന്റെ സമുദായത്തിലെ ഒരു കൂട്ടം ആളുകൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതായി ഞാൻ സ്വപ്നം കണ്ടു. സിംഹാസനത്തിൽ ഉപവിഷ്ടരായ ചക്രവർത്തിമാരെപ്പോലെ അവർ സമുദ്രത്തിൽ മീതെ കയറി ഇരുന്നു യാത്ര ചെയ്യുകയാണ്. " അന്നേരം ഞാൻ പറഞ്ഞു. " ദൈവദൂതരെ എന്നെയും അവരുടെ കൂട്ടത്തിൽ പെടുത്താൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും." അപ്പോൾ നബി(സ) അവർക്കായി പ്രാർത്ഥിച്ചു. വീണ്ടും അവിടുന്ന് തലവെച്ച് ഉറങ്ങി. പിന്നെയും ചിരിച്ചു തിരുമേനി ഉണർന്നു. ഞാൻ ചോദിച്ചു, " ദൈവദൂതരെ, അവിടുന്നെന്താണ് ചിരിക്കുന്നത്?" ' എന്റെ സമുദായത്തിലെ ഒരു കൂട്ടം ആളുകൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതായി കണ്ടു." എന്നിങ്ങനെ ആദ്യത്തേതുപോലെ വീണ്ടും അവിടുന്നരുളി. ഞാൻ പറഞ്ഞു. "ദൈവദൂതരെ, എന്നേയും അവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ അവിടന്ന് പ്രാർത്ഥിച്ചാലും.' അവിടന്നരുളി. 'നീ ആദ്യത്തെ കൂട്ടത്തിലാണുൾപ്പെടുക.' അവസാനം മുആവിയായുടെ കാലത്തവർ സമുദ്രസഞ്ചാരം നടത്തി. സമുദ്രത്തിൽനിന്ന് പുറത്തുകടന്നപ്പോൾ താൻ കയറിയ ചെറിയ വാഹനത്തിൽ നിന്ന് അവർ വീണു മരണമടഞ്ഞു.

3. ഹദീസ് നമ്പർ: 907 ആയിശയിൽ നിന്ന് നിവേദനം. തിരുമേനി നോമ്പു

പിടിച്ചുകൊണ്ട് തന്റെ ഭാര്യമാരെ ചുംബിക്കുകയും അവരുടെ കൂടെ കിടക്കുകയും ചെയ്യാറുണ്ടായിരുന്നു. തന്റെ കാമവികാരങ്ങളെ അടക്കുവാൻ നിങ്ങളെക്കാൾ കഴിവുള്ളവനായിരുന്നു നബി തിരുമേനി.

4. ഹദീസ് നമ്പർ: 1793 ആയിശയിൽ നിന്ന് നിവേദനം. തിരുമേനി ആയിശയുടെ വീട്ടിൽ ചെന്നപ്പോൾ അവിടെ മറ്റൊരു പുരുഷൻ ഉണ്ടായിരുന്നു. അന്നേരം തിരുമേനിയുടെ മുഖത്ത് ഭാവവ്യത്യാസം ഉണ്ടായി. അവിടത്തേക്ക് അതിഷ്ടമായില്ല എന്നു തോന്നി. ആയിശ പറഞ്ഞു. " ഇദ്ദേഹം എന്റെ സഹോദരനാണ്.." തിരുമേനി അരുളി ആരാണ് നിങ്ങളുടെ സഹോദരന്മാരെന്ന് നല്ലവണ്ണം നോക്കിക്കൊള്ളുക, ശിശു പാൽ മാത്രം കുടിച്ചു ജീവിക്കുന്ന പ്രായത്തിൽ സ്തന്യദാനം ചെയ്താൽ മാത്രമേ സ്തന്യബന്ധം സ്ഥാപിതമാകുകയുള്ളു.

കുറിപ്പ്: മേൽ ആവർത്തിച്ച ഹദീസുകൾ രണ്ടാവർത്തി വായിച്ചശേഷം കണ്ണടച്ചു തലതാഴ്ത്തി അല്പനേരം ചിന്തിക്കുക. നിങ്ങളുടെ ഹൃദയം ഇതിന്റെ വ്യാഖ്യാനം പറയും. ബുഖാരിയെക്കുറിച്ച് എന്തു തോന്നുന്നു.?

5.ഹദീസ് നമ്പർ: 610 അബൂദർറിൽ നിന്ന് നിവേദനം. തിരുമേനി അരുളി " എന്റെ നാഥങ്കൽ നിന്ന് എന്റെ പക്കൽ ഒരാൾ വന്നു. എന്നിട്ട് എന്നോടു പറഞ്ഞു. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ മറ്റാരെയും പങ്ക് ചേർക്കാതെ എന്റെ സമുദായത്തിൽപ്പെട്ട വല്ലവനും മരണമടഞ്ഞാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു കഴിഞ്ഞു." ഞാൻ(അബുദർറ്) ചോദിച്ചു. "അവൻ കളവ് നടത്തുകയും വ്യഭിചരിക്കുകയും ചെയ്താലും സ്വർഗ്ഗത്തിൽ പ്രവേശിക്കുമോ?'' തിരുമേനി അരുളി. ''അതെ, അവൻ അങ്ങിനെ ചെയ്താലും സ്വർഗ്ഗത്തിൽ പ്രവേശിക്കും."

കുറിപ്പ് : സ്വർഗ്ഗം കിട്ടാൻ എളുപ്പവഴി എല്ലാ തോന്ന്യാസവും ചെയ്തു ജീവിക്കലാണോ ? എന്തൊരു ഖുർആൻ ധിക്കാരം..?!!

6 ഹദീസ് നമ്പർ: 1372 അബുഹുറൈറ നിവേദനം. തിരുമേനി അരുളി. "ഇബ്രാഹിം നബിക്ക് ചേലാകർമ്മം(സുന്നത്ത് കല്ല്യാണം) നടത്തിയത് അദ്ദേഹത്തിന് 80 വയസ്സ് പ്രായമായ ഘട്ടത്തിലാണ്. കോടാലികൊണ്ടാണ് അത് നടത്തിയത്( സിറിയായിലെ കദ്ദൂം എന്ന ദേശത്തു വെച്ചാണ് അത് നടത്തിയത്.)"

കുറിപ്പ്: എന്ത് ജിഹാദാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്? വിശുദ്ധ ഖുർ ആനിലെ ഏതായത്തിന്റെ വിശദീകരണമാണിത്? ലിംഗത്തിന്റെ അഗ്രത്തിലുള്ള ചർമ്മംഛേദിക്കണമെന്ന് ഖുർആനിൽ എവിടെയുമില്ലല്ലോ. ആ 'ലിംഗാഗ്രചർമ്മം' അനാവശ്യമെങ്കിൽ എന്തിനാണ് പടച്ച തമ്പുരാൻ നമുക്കതു തന്നത്...? മുഹമ്മദു നബി തിരുമേനിയും സഹാബാക്കളും ജൂതന്മാരുടെ ആ നിർബന്ധ കർമ്മം ചെയ്തതായി തെളിവു കിട്ടാത്തതിനാൽ ഇബ്രാഹിം നബിയെ 'പിടിച്ചതാണോ'...? അബുഹുറൈറയും മുആവിയയും കൂടി മുസ്ലീം പുരുഷന്മാരായ നമ്മുടെയെല്ലാവരുടെയും ലിംഗാഗ്രചർമ്മവും കൊണ്ട് കടന്നുകളഞ്ഞോ?"

7 ഹദീസ് നമ്പർ; 1402 ഹുദൈഫാ(റ) നിവേദനം. തിരുമേനി(സ) ഇങ്ങനെ അരുളുന്നതായി ഞാൻ കേട്ടു. ഒരു മനുഷ്യന് മരണം ആസന്നമായി. തന്റെ ജീവിതത്തെ കുറിച്ചു നിരാശനായ ആ മനുഷ്യൻ തന്റെ കുടുംബങ്ങളോട് ഇങ്ങനെ ഒസ്യത്ത് ചെയ്തു. ഞാൻ മരിച്ചു കഴിഞ്ഞാൽ നിങ്ങൾ ധാരാളം വിറക് കൂട്ടി തീ ഇടണം. എന്നിട്ട് എന്റെ ശരീരം അതിൽ വെച്ചു. മാംസം എല്ലാം കരിച്ചു, എല്ലുവരെ എത്തി, എല്ലും കരിഞ്ഞു കഴിഞ്ഞാൽ നിങ്ങൾ അതെടുത്ത് പൊടിക്കണം. എന്നിട്ടു നല്ല കാറ്റുള്ള ഒരു ദിവസം നോക്കി സമുദ്രത്തിൽ കൊണ്ടുപോയി വിതറണം." അങ്ങിനെ അവർ അപ്രകാരം ചെയ്തു. പിന്നീട് അല്ലാഹു അവന്റെ അവശിഷ്ടങ്ങളെല്ലാം ഒരുമിച്ചു കൂട്ടും. എന്നിട്ട് ചോദിക്കും, "നീ എന്തിനാണ് അപ്രകാരം ചെയ്തത്." അവൻ പറയും " നിന്നെ ഭയന്ന് കൊണ്ടു ചെയ്തതാണ്." അന്നേരം അല്ലാഹു അവന്റെ പാപം പൊറുത്തുകൊടുക്കും.

കുറിപ്പ്: മറ്റു സമുദായക്കാർ ചുടുന്നതിനെ ഇനി പരിഹസിക്കേണ്ട. കൂടാതെ എന്തു തെമ്മാടിത്തരവുമാകാം. അവസാനം ആ 'ഹദീസ്' പ്രയോഗിച്ചാൽ മതി.

8 ഹദീസ് നമ്പർ: 136 ഇബ്നു അബ്ബാസ് (റ) നിവേദനം. അദ്ദേഹം ഒരു ദിവസം തിരുമേനിയുടെ പത്നി മൈമൂന(റ)യുടെ അടുക്കൽ താമസിച്ചു. ഹസ്രത്ത് മൈമൂന അദ്ദേഹത്തിന്റെ മാതാവിന്റെ സഹോദരിയായിരുന്നു. എന്നിട്ട് ഇബ്നു അബ്ബാസ് പറയുകയാണ്. ഞാൻ തലയണയുടെ വിലങ്ങിൽ തലവെച്ചുകിടന്നു. തിരുമേനിയും പത്നിയും തലയണയുടെ നീളത്തിലും. എന്നിട്ടു തിരുമേനി ഉറങ്ങി, അർദ്ധരാത്രി, അല്ലെങ്കിൽ അതിനൽപം മുൻപ്, അൽപം ശേഷം ആയപ്പോൾ തിരുമേനി ഉറക്കിൽ നിന്നുണർന്നു, എഴുന്നേറ്റിരുന്നു മുഖം ഒന്നുതടവി. എന്നിട്ട് ആലുംഇംറാൻ സൂറത്തിന്റെ അവസാനത്തെ പത്തുവാക്യങ്ങൾ ഓതി, അനന്തരം എഴുന്നേറ്റ് അവിടെ തൂക്കി ഇട്ടിരുന്ന ഒരു തോൽപാത്രം എടുത്ത് നന്നായി ഉളു ചെയ്തു. പിന്നീട് നമസ്ക്കരിക്കുവാൻ ഒരുങ്ങി, അപ്പോൾ ഞാനും എഴുന്നേറ്റ് തിരുമേനി ചെയ്തപോലെ എല്ലാം ചെയ്തു. അനന്തരം തിരുമേനിയുടെ അടുക്കലേക്ക് ചെന്നിട്ട് തിരുമേനിയുടെ ഇടത്ത് വശത്ത് നിന്നു. അപ്പോൾ നമസ്ക്കാരത്തിൽ പ്രവേശിച്ചു കഴിഞ്ഞിരുന്ന തിരുമേനി തന്റെ വലംകൈയ് എന്റെ തലമേൽ

വെക്കുകയും എന്റെ വലത്തെ ചെവി പിടിച്ചിട്ട് എന്നെ അവിടെനിന്ന് വലഭാഗത്തേക്ക് മാറ്റാൻ തുടങ്ങുകയും ചെയ്തു. അപ്പോൾ ഞാൻ ഈ ഭാഗം വിട്ട് വലഭാഗത്തേക്ക് മാറിനിന്നു. തിരുമേനി 2 റക്കഅത്ത്, പിന്നെ 2 റക്കഅത്ത്, പിന്നെ 2 റക്കഅത്ത്, പിന്നെ 2 റക്കഅത്ത്, പിന്നെ 2 റക്കഅത്ത്, പിന്നെ 2 റക്കഅത്ത് ഇങ്ങനെ നമസ്ക്കരിച്ചു. അവസാനം വിത്തറും. അനന്തരം സുബ്ഹി ബാങ്ക് വിളിക്കുന്ന ആൾ എത്തും വരെ തിരുമേനി കിടന്നു. ബാങ്ക് കൊടുത്തുകഴിഞ്ഞപ്പോൾ ലഘുവായിട്ട് 2 റക്കഅത്ത് സുന്നത്ത് നമസ്ക്കരിച്ചു.

കുറിപ്പ്: മേൽ ഹദീസ് നമുക്ക് വിശ്വസിക്കുവാൻ പറ്റുമോ? ഇബ്നു അബ്ബാസ് ചെറിയ കുട്ടിയല്ല. (തഹജ്ജൂദ് നമസ്ക്കരിച്ചല്ലോ) 3 പേരും കൂടി ഒരു തലയിണമേൽ തല വെച്ചു കിടന്നുറങ്ങി എന്ന് പറഞ്ഞത് വിശ്വസിക്കുവാൻ വളരെ പ്രയാസം.

9 ഹദീസ് നമ്പർ: 622 ജാബിർ(റ) പറയുന്നു. അബ്ദുല്ലാ ഇബ്നു ഉബയ്യിനെ മറവു ചെയ്തശേഷം തിരുമേനി അവിടെ ചെന്നു. എന്നിട്ട് മയ്യത്ത് ഖബറിൽ നിന്ന് എടുത്തു. തിരുമേനിയുടെ തുപ്പുനീര് അല്പം അയാളുടെ വായിൽ ഇറ്റിച്ചു. തിരുമേനിയുടെ കുപ്പായം അയാളെ ധരിപ്പിച്ചു.

കുറിപ്പ്: മേൽ പറഞ്ഞ മനുഷ്യൻ മുനാഫിക്കാണെന്ന് വേറെ, ചില ഹദീസുകളിൽ എഴുതിവെച്ചിരിക്കുന്നു. അത്തരക്കാർക്ക് വേണ്ടി മയ്യത്ത് നമസ്ക്കരിക്കുകയോ ഖബറിന്റെ അരികിൽ നിൽക്കുകയോ ,ചെയ്യരുതെന്ന് അല്ലാഹു നബിക്ക് തൗബ സൂറത്തിൽ കൂടി വിരോധിച്ചിട്ട് നബി അതൊന്നും വകവെക്കാതെ ഇതെല്ലാം ചെയ്തു എന്ന് നമ്മൾ വിശ്വസിക്കണമെന്നോ...? നമ്മുടെ പുണ്യ നബി ആ സംസ്കാരമില്ലാത്ത പണി ചെയ്യുമോ ബുഖാരി..?

10 ഹദീസ് നമ്പർ: 1036 അബൂ ഉമാമ പറയുന്നു. " ഒരു കലപ്പയോ മറ്റേതോ കൃഷി ആയുധമോ കണ്ടപ്പോൾ, ഇത് ഒരു ജനതയുടെ വീട്ടിൽ പ്രവേശിച്ചാൽ ആ വീട്ടിൽ അല്ലാഹുവിന്റെ നിന്ദ്യതയെ പ്രവേശിപ്പിക്കാതിരിക്കുകയില്ല' എന്ന് തിരുമേനി(സ) അരുളിയതായി ഞാൻ കേട്ടിട്ടുണ്ട്." എന്നു പറഞ്ഞു.

കുറിപ്പ്: ഖുർആൻ കൃഷിയേയും, വ്യാപാരത്തെയും പ്രോത്സാഹിപ്പിക്കുകയും, അഭിനന്ദിക്കുകയും ചെയ്യുമ്പോൾ, നബി തിരുമേനി ഇങ്ങിനെ പറയുമോ..?

11 ഹദീസ് നമ്പർ: 1366 അബുസയീദ്(റ) നിവേദനം. തിരുമേനി അരുളി, 'പുനരുത്ഥാന ദിവസം "ആദം" എന്ന് അല്ലാഹു വിളിക്കും. അപ്പോൾ നിന്റെ വിളിക്ക് ഞാനിതാ ഉത്തരം നൽകിയിരിക്കുന്നു, "നിന്റെ പക്കൽ നിന്നുള്ള വിജയം കരസ്ഥമാക്കാൻ ഞാനിതാ വന്നിരിക്കുന്നു. എല്ലാ നന്മകളും നിന്റെ ഹസ്തങ്ങളിലാണ് ഇരിക്കുന്നത്." എന്ന് ആദം പറയും . അപ്പോൾ അല്ലാഹു ആദമിനോട് കൽപിക്കും. " നരകത്തിലേക്കുള്ള സൈന്യത്തെ പുറത്തിറക്കുക." ആദം ചോദിക്കും, " ഏതാണ് നരകത്തിലേക്കുള്ള പട്ടാളം" അല്ലാഹു പറയും " ഓരോ ആയിരം മനുഷ്യരിൽനിന്നും 99 ആളുകളെ നീക്കിവെക്കുക തന്നെ. അന്നേരം ഭയന്നുവിറച്ചിട്ട് ചെറിയ കുട്ടികളെല്ലാം നരച്ചുപോകും. ഗർഭമുള്ള സ്ത്രീകൾ എല്ലാം അവരവരുടെ ഗർഭം പ്രസവിച്ചുപോകും. മനുഷ്യരെ ലഹരി ബാധിച്ചതായി നിനക്ക് കാണാം. യഥാർത്ഥത്തിൽ അവർക്ക് ലഹരി ബാധിച്ചിട്ടില്ല. പക്ഷെ അല്ലാഹുവിന്റെ ശിക്ഷ കഠിനതരമായിരിക്കും." അനുചരന്മാർ ചോദിച്ചു." ദൈവദൂതരെ ആ രക്ഷപ്പെടുന്ന ഒരുത്തൻ ഞങ്ങളിൽ ആരായിരിക്കും." തിരമേനി(സ) അരുളി. " നിങ്ങൾ സന്തുഷ്ടരായി ഇരിക്കുക നിങ്ങളുടെ കൂട്ടത്തിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ ഒരാൾ ഏതായാലും ഉണ്ടാവും. അതേ അവസരത്തിൽ യഅ്ജൂദ് മഅ്ജൂദിൽ നിന്ന് ആയിരവും." അധികം താമസിക്കും മുൻപ് തിരുമേനി അരുളി. എന്റെ ആത്മാവിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവാണേ (സത്യം) "നിങ്ങൾ(ഖുർആന്റെ അനുയായികൾ) സ്വർഗ്ഗവാസികളിൽ നാലിൽ ഒരു വിഭാഗം വരുമെന്ന് ഞാനാശിക്കുന്നു. അതുകേട്ടപ്പോൾ ഞങ്ങൾ തക്ബീർ മുഴക്കി. അപ്പോൾ തിരുമേനി അരുളി. " സ്വർഗ്ഗവാസികളിൽ മൂന്നിൽ ഒരു വിഭാഗം ആളുകൾ നിങ്ങളായിരിക്കുമെന്ന് ഞാൻ ആശിക്കുന്നു." അപ്പോഴും ഞങ്ങൾ തക്ബീർ മുഴക്കി. തിരുമേനി അരുളി. "സ്വർഗ്ഗവാസികളിൽ പകുതി ഭാഗം നിങ്ങളായിരിക്കുമെന്ന് ഞാൻ ആശിക്കുന്നു." അപ്പോഴും ഞങ്ങൾ തക്ബീർ മുഴക്കി. തിരുമേനി പറഞ്ഞു. മനുഷ്യരാശിയിലെ മറ്റുവിഭാഗങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ വെളുത്ത കാളയുടെ ശരീരത്തിൽ നില കൊള്ളുന്ന ഏക കറുത്ത രോമത്തിന് ആ വെളുത്ത രോമങ്ങൾക്കുള്ള അനുപാതമെന്തോ അതായിരിക്കും ഇതര വിഭാഗങ്ങളെ അപേക്ഷിച്ചു നിങ്ങളുടെ അനുപാതം. അല്ലെങ്കിൽ കറുത്ത കാളയുടെ ശരീരത്തിൽ സ്ഥിതിചെയ്യുന്ന ഏക വെളുത്തരോമത്തിന് മറ്റു രോമങ്ങളെ അപേക്ഷിച്ച് അനുപാതമെന്തോ അതായിരിക്കും ഇതരവിഭാഗങ്ങളെ അപേക്ഷിച്ച് നിങ്ങളുടെ അനുപാതം.

കുറിപ്പ്: ഖബറിന്റെയും മഹശറയുടെയും ഇടക്ക് വെച്ചാണോ ഈ സ്ത്രീകൾക്ക് ഗർഭം ഉണ്ടായത്? (ഗർഭത്തോടുകൂടി മരിച്ച സ്ത്രീകളാണ് അവരെന്ന് ചിലർ പറയുന്നു.) കാമവികാരങ്ങളോടുകൂടി മരിച്ച യുവാക്കളും ഉണ്ടാകുമല്ലോ. അവർ ഖബറിൽ നിന്ന് എഴുന്നേറ്റുവരുമ്പോൾ പറ്റിച്ച പണി

യാണോ ആ ഗർഭം എന്ന് ഊഹിക്കുന്നതിൽ തെറ്റില്ലല്ലോ..?സ്ത്രീകൾക്ക് പ്രസവിക്കാമെങ്കിൽ യുവാക്കൾക്ക് അവരുടെ ആഗ്രവും സാധിക്കേണ്ട തല്ലേ?..ഏതായാലും ഏകദൈവത്തിലും, അന്ത്യദിനത്തിലും വിശ്വസിച്ചു കൊണ്ട് സൽക്കർമ്മങ്ങൾ, ചെയ്യുന്ന ഏതു ജാതിക്കാരനും സ്വർഗ്ഗം നൽകു മെന്ന അല്ലാഹുവിന്റെ-ഖുർആന്റെ- വാഗ്ദാനം ഇതു വായിക്കുമ്പോൾ മറ ക്കേണ്ട.

12 ഹദീസ് നമ്പർ: 1414 ഇബ്ന് ഉമറിൽ നിന്നും നിവേദനം, തിരുമേനി(സ) അരുളി, " പൊങ്ങച്ചം കാണിച്ചുകൊണ്ട് ഒരു മനുഷ്യൻ തന്റെ വസ്ത്രം വലിച്ച് ഇഴച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അവൻ ഭൂമിയിലേക്ക് ആണ്ടു പോയി. അന്ത്യപ്രളയം (അന്ത്യനാൾ) വരെക്കും അവൻ ആണ്ടുപോയി ക്കൊണ്ടേയിരിക്കും."

കുറിപ്പ്: ഭൂമിയിലുള്ള എല്ലാ ജീവികളും പ്രവാചകന്മാർ അടക്കമുള്ള എല്ലാ മനുഷ്യരും മരണത്തിന്റെ രുചിയറിയുമെന്ന് വിശുദ്ധ ഖുർആൻ..എന്നാലും ഇവൻ മരിക്കുകയില്ലെന്ന്. എന്തൊരു വിരോധാഭാസം.!

13 ഹദീസ് നമ്പർ: 1490 അബൂഹുറയിറ നിവേദനം. തിരുമേനി(സ) അരുളി. നിങ്ങൾക്ക്മുമ്പ് ജീവിച്ച ഇസ്രായില്യരിൽ ചില പുരുഷന്മാരുണ്ടായിരുന്നു. അവർ നബിമാരായിരുന്നില്ല, എന്നിട്ടുകൂടി അല്ലാഹു അവരോടു സംസാ രിക്കാറുണ്ടായിരുന്നു. എന്റെ അനുയായികളിൽ അത്തരം ഒരാൾ ഉണ്ടാ കുമെങ്കിൽ അത് ഉമർ മാത്രമായിരിക്കും.

കുറിപ്പ്: ഹസ്രത്ത് ഉമറിനെ ഇങ്ങിനെ 'പൊക്കുന്നത്' അദ്ദേഹത്തിന്റെ പേരിൽ പ്രചരിപ്പിച്ച കള്ള ഹദീസുകൾക്ക് 'മാർക്കറ്റു'ണ്ടാക്കാൻ വേണ്ടിയല്ലെ..?

14 ഹദീസ് നമ്പർ: 1749 അബൂസ ഈദ്(റ) നിവേദനം. തിരുമേനി (സ) ഇങ്ങനെ അരുളുന്നതായി ഞാൻ കേട്ടു. "നമ്മുടെ രക്ഷിതാവു പരലോകത്തുവെച്ച് തന്റെ കണങ്കാലുകളിൽ നിന്ന് തുണി പൊക്കി പിടിക്കും, അന്നേരം സത്യ വിശ്വാസികളിൽപ്പെട്ട് എല്ലാ സ്ത്രീയും പുരുഷന്മാരും അവന്റെ മുന്നിൽ സാഷ്ടാംഗം വീഴും. പേരിനും കീർത്തിക്കും വേണ്ടി ഈ ലോകത്ത് വെച്ച് സാഷ്ടാംഗം ചെയ്തവർ എല്ലാവരും അവശേഷിക്കും. അവർ സജൂദ് ചെയ്യാൻ ഒരുങ്ങുമ്പോൾ മുതുക് വളഞ്ഞുകിട്ടുകയില്ല, ഒരേ ലെവലിൽ ഉറ ച്ചുപോകും."

കുറിപ്പ്: പടച്ചതമ്പുരാനൊരു കണങ്കാലോ..? അല്ലാഹുവിന്റെ തുണി ' കിറ്റെക്സ് ലുങ്കിയാണോ?..ബുഖാരിക്ക് അല്ലാഹു പൊറുത്തു കൊടുക്ക ട്ടെ..

15 ഹദീസ് നമ്പർ : 1732 അബുഹുറയിറ നിവേദനം. നബി തിരുമേനി (സ) അരുളി " സൃഷ്ടികളെ എല്ലാം സൃഷ്ടിക്കുന്ന ജോലിയിൽ നിന്ന് അല്ലാഹു വിരമിച്ചപ്പോൾ കുടുംബബന്ധം എഴുന്നേറ്റ് ചെന്ന് അല്ലാഹുവിന്റെ അര ക്കെട്ട് പിടിച്ചു. അപ്പോൾ ' വിടൂ' എന്ന് അല്ലാഹു കൽപ്പിച്ചു.. കുടുംബ ബന്ധം പറഞ്ഞു. " ഞാനുമായി ബന്ധം മുറിക്കുന്നവരിൽനിന്ന് രക്ഷ നേടു വാനായി നിന്നെ അഭയം പ്രാപിക്കുന്ന സ്ഥാനമാണിത്." അല്ലാഹു പറ ഞ്ഞു.'' നീയുമായി ബന്ധം പുലർത്തിയവരുമായി ഞാനും ബന്ധം പുലർത്തും, നീയുമായി ബന്ധം മുറിച്ചവരുമായി ഞാനും ബന്ധം മുറി ക്കും. ഈ ഉറപ്പ് നിന്നെ സംതൃപ്തനാക്കുന്നില്ലേ?" കുടുംബബന്ധം പറഞ്ഞു, " അതെ, മതി രക്ഷിതാവേ..!" അല്ലാഹു പറഞ്ഞു, ശരി അങ്ങനെത്തന്നെ യാണുണ്ടാകുക. അബുഹുറയിറ പറഞ്ഞു, നിങ്ങൾക്ക് വേണമെങ്കിൽ ഈ ഖുർആൻ വാക്യം ഓതികൊള്ളുക"(" ശരി, നിങ്ങൾക്ക് ഭരണാധികാരം ലഭിച്ചുകഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കുകയും, നിങ്ങളുടെ കുംബബന്ധങ്ങൾ മുറിച്ചുകളകയും ചെയ്തേക്കുമോ"? (47:22) എന്ന ഖുർ ആൻ വാക്യം.)

കുറിപ്പ്: ആ ഖുർആൻ വാക്യം നാം മുറുകെ പിടിക്കുക. ജീവിതത്തിൽ പകർത്തുക. അല്ലാഹുവിന്റെ ' അരക്കെട്ടിന്റെ കാര്യം മറക്കുക.

16 ഹദീസ് നമ്പർ: 1916 ആയിശ(റ) യിൽ നിന്ന് നിവേദനം. തിരുമേനി(സ) ഇങ്ങനെ അരുളുന്നതായി ഞാൻ കേട്ടു.

" കരിഞ്ചീരകം മരണമൊഴികെയുള്ള എല്ലാ രോഗങ്ങൾക്കും ശമന ഔഷ ധമാണ്."

കുറിപ്പ്: ഇനി പുതിയ മെഡിക്കൽ കോളേജുകൾ അനുവദിക്കേണ്ടതില്ല. ഡോക്ടർമാരും വൈദ്യന്മാരും ഇനി പെരുഞ്ചീരകം കൃഷി ചെയ്യട്ടെ! അല്ലേ...?

17 ഹദീസ് നമ്പർ: 1590 അബുസഈദിൽ നിന്ന് നിവേദനം. ഞങ്ങൾ ബനുമു സ്തലക് യുദ്ധത്തിൽ നബിയോടൊപ്പം പോയി. എന്നിട്ട് അറബി സ്ത്രീകളെ ഞങ്ങൾ ബന്ധനസ്തരാക്കി. ഞങ്ങൾക്ക് സ്ത്രീകളുമായി സഹവസിക്കു വാൻ ആഗ്രഹം തോന്നി. അവരുമായി സഹവസിക്കാതിരിക്കുന്നത് ഞങ്ങൾക്കസഹ്യമായിത്തോന്നി. ഒടുവിൽ 'അസ്ൽ' (ഗർഭമുണ്ടാകാത്ത രീതിയിൽ സത്രീകളുമായി ബന്ധപ്പെടുന്നതിന് അറബികൾ ഉപയോഗിക്കുന്ന

പദം.) ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിച്ചു.' അസൽ' ചെയ്യുവാൻ തിരുമേനിയോട് സമ്മതം ചോദിച്ചു. അപ്പോൾ തിരുമേനി " നിങ്ങൾ അത് ചെയ്യാതിരുന്നാൽ എന്താണ് ദോഷം, ലോകാവസാനം വരെ ഉടലെടുക്കുവാൻ പോകുന്ന ഒരു ജീവിയെങ്കിലും ഉടലെടുക്കാതെ പോകയില്ല." എന്നു പറഞ്ഞു.

കുറിപ്പ്: അസ്ൽ' ചെയ്യുവാൻ നബിയോട് സമ്മതം ചോദിച്ചെന്നോ..? ബുഖാരി ഞങ്ങളുടെ നബിയോടിതു വേണമായിരുന്നോ..?

18 ഹദീസ് നമ്പർ: 182 തിരുമേനിയുടെ കുളിയെക്കുറിച്ച് ആയിഷയോട്(സ്വ സഹോദരൻ?) ചോദിച്ചു. അപ്പോൾ ഏതാണ്ട് ഒരു 'സാഅ്' വെള്ളം വരുത്തി. അതുകൊണ്ട് കുളിച്ചു. തലയിലാണ് അവർ വെള്ളമൊഴിച്ചത്. ചോദ്യകർത്താവിനും അവർക്കുമിടയിൽ ഒരു മറയുണ്ടായിരുന്നു.

കുറിപ്പ്: നബിയുടെ ' കുളി' പഠിക്കലാണോ ഉദ്ദേശം. അതുകൊണ്ട് ആ മറ വേണ്ടായിരുന്നു. ' സഹോദരൻ' മറയ്ക്കിടയിലെ വിടവിലൂടെയാണോ 'കുളി' കണ്ടുപഠിച്ചത്....എന്താണ് ബുഖാരി ഇതൊക്കെ..?

19 ഹദീസ് നമ്പർ: 192 അബൂഹുറൈറ പറയുന്നു. നബി(സ) അരുളി." ഇസ്രായില്യർ നഗ്നരായിട്ടാണ് കുളിച്ചിരുന്നത്. കുളിക്കുന്നതിനിടയിൽ നഗ്നത അവർ അന്യോന്യം നോക്കിക്കൊണ്ടുമിരിക്കും. മൂസാ നബി (അ)ഏകനായ്ക്കൊണ്ടാണ് കുളിച്ചിരുന്നത്. മൂസാക്കു 'അണ്ഡവൃദ്ധി' യുണ്ടെന്നും (പാനി, ഹൈഡ്രോസിൽ എന്നൊക്കെപ്പറയുന്ന രോഗം) അതുകൊണ്ടാണ് അദ്ദേഹം നമ്മോടൊപ്പം കുളിക്കാത്തതെന്നും മറ്റുള്ളവർ കളിയാക്കി. അങ്ങിനെയിരിക്കെ ഒരു ദിവസം മൂസാ നബി കുളിക്കാൻ പോയി. വസ്ത്രം ഒരു കല്ലിന്മേൽ വെച്ചു. ഉടനെ ആ കല്ല് വസ്ത്രവും കൊണ്ട് ഒരോട്ടം. "കല്ലേ എന്റെ വസ്ത്രം, കല്ലേ..എന്റെ വസ്ത്രം.." എന്നു വിലപിച്ചുകൊണ്ട് ഉടുതുണിയില്ലാതെ മൂസാനബി പിറകെയും...(ഓടി)(അങ്ങിനെ കല്ല് ഇസ്രായില്യരുടെ ഒരു ആൾക്കൂട്ടത്തിൽ ചെന്നുനിന്നു). ഇസ്രായില്യർ മൂസാ നബിയെ നഗ്നരൂപത്തിൽ അടിമുടിനോക്കിക്കണ്ടു. അവസാനം അവർ പറഞ്ഞു." അല്ലാഹുവാണേ.. മൂസായിൽ യാതൊരു രോഗവുമില്ല." (അങ്ങിനെ മൂസാനബിക്കു അണ്ഡവൃദ്ധി (ഹൈഡ്രോസിൽ ) ഇല്ല എന്ന് അവർക്കു ബോധ്യമായി). മൂസാ അവിടെ വെച്ച് തന്റെ വസ്ത്രമെടുത്തു. എന്നിട്ട് കല്ലിനെ അടിക്കുവാൻ തുടങ്ങി. അബുഹുറൈറ പറയുകയാണ്, "മൂസാ അടിച്ചതിന്റെ ആറോ ഏഴോ പാടുകൾ ആകല്ലിൽ അവശേഷിച്ചിട്ടുണ്ട്."

കുറിപ്പ്: ഇത് വായിച്ചിട്ട് ചിരി വരുന്നില്ലെങ്കിൽ നിങ്ങൾ ഒരു മുസ്ലിമാണോ.? അബൂഹുറൈറയുടെ ഒരു തമാശ...!

20 ഹദീസ് നമ്പർ: 204 ആയിഷ പറയുന്നു., തിരുമേനിയോടൊപ്പം സ്വപത്നിമാരിൽ ചിലർ പള്ളിയിൽ 'ഇഅ്തികാഫ്' ഇരുന്നു. അവർക്ക് അമിതമായി രക്തം പോകുന്ന രോഗം ഉണ്ടായിരുന്നു, രക്തത്തിന്റെ ആധിക്യം മൂലം താഴെ താലം വെക്കുകയാണ് അവർ ചെയ്തിരുന്നത്.

കുറിപ്പ്: ഇതെല്ലാം ശുദ്ധ നുണയാണ് എന്ന് മാന്യവായനക്കാർക്ക് തോന്നുന്നില്ലേ...... ഇതെല്ലാം എന്തിനാണാവോ ബുഖാരി 'സ്വഹീഹാ'യി രണ്ട് റക്അത്ത് സുന്നത്തു നമസ്ക്കരിച്ചു രേഖപ്പെടുത്തിയത്....?

മേൽ എഴുതിയ ഹദീസുകൾ സഹീഹുൽ ബുഖാരിയിൽ നിന്ന് എടുത്തതാണ്. ഇത്തരം സംശയകരമായ നാനൂറോളം ഹദീസുകൾ കണ്ടുവെച്ചിട്ടുണ്ട്. ആലോചിച്ചാൽ ഒരു പ്രകാരത്തിലും സ്വീകരിക്കുവാൻ പ്രയാസമാണവയെല്ലാം. ബുഖാരി മനപൂർവ്വം എഴുതിയതോ അതോ ജൂതന്മാരുടെ വഞ്ചനയിൽപ്പെട്ടു ബുഖാരി എഴുതിപ്പോയതോ, എന്താണ് ഇങ്ങിനെ വരാൻ കാരണമെന്ന് വായനക്കാർ ചിന്തിച്ചു തീരുമാനിക്കട്ടെ.

അല്ലാഹുവിന്റെ വിശുദ്ധ ഖുർആൻ പഠിച്ചു അതിലേക്ക് നമ്മൾ മടങ്ങാൻ വളരെ വൈകിയിരിക്കുന്നു. നമസ്ക്കാരം, നോമ്പ്, ഹജ്ജ്, സകാത്ത്, മുതലായ എല്ലാ ആരാധനകളും ഖുർആൻ നോക്കി ചെയ്യുവാൻ കഴിയുമെന്ന് ചേകന്നൂർ മൗലവി പല ബുക്കുകളിലായി എഴുതിയത് വായിച്ച് നോക്കുക.

ഏതായാലും നാളെ മഹശറയിൽ വിചാരണ സമയത്ത് "പടച്ചവനെ നിന്റെ ഖുർആൻ അനുസരിച്ചു കഴിവതും ഞാൻ ജീവിച്ചിട്ടുണ്ട്. മറ്റു 'വാറോല' , 'കീറോല' കിത്താബുകളൊന്നും ഞാൻ നോക്കിയിട്ടില്ല. അവ നോക്കി ഇബാദത്തെടുക്കാൻ പറ്റുകയില്ലെന്ന് എനിക്ക് ബോധ്യമായിട്ടുണ്ട്. അതിനാൽ അത്തരം കിത്താബുകൾ നോക്കി അമൽ ചെയ്യാത്തതിന് നീ എന്നെ ശിക്ഷിക്കരുത്. രക്ഷിക്കണം രക്ഷിതാവെ" എന്ന് പറയാൻ നമ്മൾ ഇനിയെങ്കിലും ഖുർആനിലേക്ക് മടങ്ങണം. പടച്ചവൻ നമ്മളെ രക്ഷിക്കട്ടെ.

സർവ്വ ലോക രക്ഷിതാവായ അല്ലാഹുവിന്നാകുന്നു സർവ്വ സ്തുതിയും.

**പി.സി.മുഹമ്മദ് കുട്ടി ഹാജി**
പി.ഒ. പുത്തൂർ പള്ളിക്കൽ
മലപ്പുറം, തേഞ്ഞിപ്പലം
കേരള. 673636

29-7-93